കേരളത്തിൽ വിദേശികളുടെ നിക്ഷേപങ്ങൾ.

*1334. [15] ശ്രീ. പി ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഫ്രഞ്ച്, ബ്രിട്ടീഷ്, അമേരിക്കാ മുതലായ വിദേശികൾക്ക് ഏതെല്ലാം രീതിയിലുള്ള നിക്ഷേപങ്ങൾ ഉണ്ട് ;

(ബി) അതേപ്പറ്റി വല്ല സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചിട്ടുണ്ടോ ;

(സി) സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം വിദേശമൂലധന നിക്ഷേപം കൂടിയിട്ടുണ്ടോ ; കുറഞ്ഞിട്ടുണ്ടോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

ഈ ചോദ്യത്തിന്റെ ഉത്തരത്തിനുള്ള വിവരങ്ങൾ ഈ ഗവണ്മെന്റിന്റെ പക്കലില്ല.

യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണം.

*1335. [16] ശ്രീ. കെ. ശിവദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റിയിൽ അടുത്ത കാലത്തു് നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ ആനുകൂല്യങ്ങൾ, അവിടെ നിന്നും, ഭരണപരമായ സൗകര്യത്തിനുവേണ്ടി പുതിയതായി രൂപീകരിക്കപ്പെട്ട കോളജിയേറ്റ് ഡയറക്ടറാഫീസിലേക്കു് താൽക്കാലികമായി മാറ്റപ്പെട്ടവരും യൂണിവേഴ്സിറ്റിയിൽതന്നെ ലാവണമുള്ളവരുമായ ഉദ്യോഗസ്ഥന്മാർക്കു് നൽകിയിട്ടുണ്ടോ :

(ബി) ടി ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന കാരണത്തിന്മേൽ ഈ ജീവനക്കാർ ഗവണ്മെന്റിനോടു പരാതിപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെന്റു് അതിന്മേൽ എന്തു നടപടിയെടുത്തു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ഉദ്യോഗസ്ഥന്മാർക്കു് യൂണിവേഴ്സിറ്റിയിൽ തിരിച്ചു് പോകാൻ സൗകര്യം കൊടുക്കാമെന്നു് ഗവണ്മെന്റു തീരുമാനിച്ചിരിക്കുകയാണു്. അതു സംബന്ധിച്ചു് യൂണിവേഴ്സിറ്റിയുമായി കത്തിടപാടുകൾ നടത്തിവരുന്നു.

ഖാദി വില്ലേജു് ഇൻഡസ്ട്രീസ് ബോർഡു്.

*1336. [17] ശ്രീ. ടി ഏ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി വില്ലേജു് ഇൻഡസ്ട്രീസ് ബോർഡിനു് ഈ ഗവണ്മെന്റു് എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ ഇപ്പോൾ നൽകി വരുന്നുണ്ടു് ;

(ബി) പബ്ലിക്കു് സർവ്വീസ് കമ്മീഷൻ റിക്രൂട്ടുമെന്റു ചട്ടങ്ങൾ അനുസരിച്ചാണോ, പ്രസ്തുത ബോർഡിന്റെ കീഴിലുള്ള നിയമനങ്ങൾ നടക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ കെ. പി. ഗോപാലൻ) :

(എ) ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് 1957-58-ൽ ആണ് രൂപീകരിക്കപ്പെട്ടത്. ബോർഡിനു ഇതേവരെ ഗവണ്മെൻറിൽനിന്നും ഗ്രാൻറായി 5,55,977 രൂപയും ലോണായി 70,000 രൂപയും കൊടുത്തിട്ടുണ്ട്.

(ബി) ബോർഡ് ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡാണ്. അതിനും അതിൻറെ കൃഴ്പ്പങ്ങൾ പരിശോധിക്കുന്നതിനായിട്ടുള്ള പരമാധികാരി ബോർഡാണ് എന്നുള്ളതുകൊണ്ട് ഈ നിയമനങ്ങൾക്കു പബ്ലിക്കു സർവ്വീസ് കമ്മീഷൻ ചട്ടങ്ങൾ ബാധകമല്ല. പക്ഷേ നിയമനക്കാര്യത്തിൽ കഴിയുന്നിടത്തോളം പബ്ലിക്കു സർവ്വീസ് കമ്മീഷൻറെ നിയമനതത്വങ്ങൾ അംഗീകരിക്കാറുണ്ട്.

ശ്രീ. സി. എ. മാത്യു : ഈ ബോർഡിൻറെ ചെയർമാൻ മന്ത്രി തന്നെയല്ലേ ?

ശ്രീ. കെ. പി. ഗോപാലൻ : അതെ.

ശ്രീ. സി. എ. മാത്യു : മന്ത്രി തന്നെ ബോർഡിൻറെ ചെയർമാൻ ആയിരിക്കുന്ന സ്ഥിതിക്കു കുറെ നിയന്ത്രണം ചെലുത്താൻ സാധ്യമല്ലേ ?

ശ്രീ കെ. പി ഗോപാലൻ : അങ്ങനെ നിയന്ത്രണം ചെലുത്താൻ ഗവണ്മെൻറുദ്ദേശിക്കുന്നില്ല നേരെമറിച്ച്, ഈ ബോർഡിൻറെ ബഡ്ജറ്റ് അംഗീകരിക്കുന്നതിനു ഗവണ്മെൻറിൻറെ സമ്മതം ആവശ്യമാണ്. ബാക്കിയുള്ള എല്ലാ കാര്യങ്ങളിലും പരിപൂർണ്ണമായ അധികാരം ബോർഡിനാണ്. അത്യാവശ്യമായി ബോർഡിൻറെ കാര്യത്തിൽ ഇടപെടുക എന്നുള്ള നിലപാടല്ലാ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സി. എ. മാത്യു : ചെയർമാൻ വ്യവസായമന്ത്രിതന്നെ ആയിരിക്കുന്ന നിലയ്ക്ക് ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും നിയന്ത്രണം ചെലുത്തുന്നതിനു ഗവണ്മെൻറിനു് എന്തു തടസ്സമാണുള്ളത് ?

ശ്രീ കെ. പി. ഗോപാലൻ : ഗവണ്മെൻറിനു് നിയന്ത്രണം ചെലുത്തേണ്ട ആവശ്യമില്ല. പരിപൂർണ്ണമായ അധികാരം ബോർഡിനാണുള്ളത്. അതു വിനിയോഗിച്ചു് വരുന്നുണ്ട്.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ : സ്റ്റാറ്റ്യൂട്ടറി ബോഡിയാണെങ്കിൽ നിയമനത്തെ സംബന്ധിച്ചുള്ള റൂളുകൾ ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ: 200 രൂപ വരെയുള്ള നിയമനങ്ങൾ സ്റ്റാഫ് സെലക്ഷൻ കമ്മറ്റിയുടെ അഭിപ്രായപ്രകാരമാണ് നടത്തുന്നതു്. അതിനു മുകളിലുള്ള നിയമനങ്ങൾ ബോർഡ് നേരിട്ടു തന്നെയാണ് നടത്തിവരുന്നതു്.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ : ബോർഡിൻറെ പ്രവർത്തനത്തിൽ, അല്ലെങ്കിൽ സിബന്ധികളുടെ നടപടികളിൽ എന്തെങ്കിലും അഴിമതികളോ, കൃഴപ്പമോ ഉണ്ടായാൽ ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറിനു് നടപടിയെടുക്കാൻ അധികാരമുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ വല്ല കൃഴപ്പവുമുണ്ടായാൽ, അതു ബോർഡിൻറെ മുൻപാകെ വയ്ക്കും ; ബോർഡ് അതിനെപ്പറ്റി അന്വേഷണം നടത്തി വേണ്ടപരിഹാരം കാണാൻ ശ്രമിക്കും. ആവശ്യമെന്നു തോന്നുകയാണെങ്കിൽ, ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറിനെവിടേണ്ട കാര്യമുണ്ടെങ്കിൽ ബോർഡ് അതിനുവേണ്ടി ഗവണ്മെൻറിനെ സമീപിക്കുന്നതാണ്.

ശ്രീ. എം നാരായണക്കുറുപ്പ് : 5 ലക്ഷം രൂപ ഈ ഗവണ്മെൻറ് ധനസഹായം നൽകിയെന്നു പറഞ്ഞു. അതു് ഈ ഗവണ്മെൻറിനേതാണോ ; കേന്ദ്രഗവണ്മെൻറ് ഈ ഗവണ്മെൻറ മുഖേന നൽകിയതാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : സ്റ്റേറ്റ് ഗവണ്മെൻറ് തന്നെ നൽകിയിട്ടുള്ളതാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഖാദിബോർഡിലേക്ക്, ഗവണ്മെൻറിൽ നിന്നും കുറെ ഉദ്യോഗസ്ഥന്മാരെ അലോട്ട് ചെയ്തിട്ടുണ്ട്. അവർക്ക് ഖാദി ബോർഡിൽനിന്നും നൽകുന്ന ശമ്പളം മാത്രമേ കിട്ടുന്നുള്ളൂ. ഗവണ്മെൻറിൽ കിട്ടിയിരുന്ന ശമ്പളം കിട്ടുന്നില്ലെന്ന പരാതിയുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെയൊരു ആക്ഷേപം ഉണ്ടായിരുന്നു. ബോർഡിലെ തസ്തികകളിൽ നിശ്ചയിച്ചിട്ടുള്ള ശമ്പളം അങ്ങനെ നിയമിക്കപ്പെട്ടവർക്കും കൊടുത്തു വരുന്നുണ്ട്. ഗവണ്മെൻറുദ്യോഗങ്ങളിൽ ഇരുന്നിരുന്ന ചിലരെ സംബന്ധിച്ചിടത്തോളം അവർ ആ തസ്തികകളിൽ ഇരുന്നപ്പോൾത്തന്നെ ചില തകരാറുകളും ഉണ്ടായിരുന്നതുകൊണ്ട് ഇപ്പോഴും പരിഹരിക്കാതെയുണ്ട്. അതിനെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ് ; ഉടനെ പരിഹാരം കാണാൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. എ. എ. റഹിം : കേന്ദ്ര ഗവണ്മെൻറിൽനിന്നും ഖാദിബോർഡിലേക്ക് എത്രശതമാനം തുക ലഭിക്കുന്നുണ്ട് ?

ശ്രീ. കെ. പി. ഗോപാലൻ : കഴിഞ്ഞ കൊല്ലം ലഭിച്ചത് ഇരുപത്തേഴു ലക്ഷം രൂപയായിരുന്നു ; ഈ സാമ്പത്തിക വർഷത്തിൽ ഏകദേശം നാല്പത്തഞ്ചു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. എ. റഹിം : കേന്ദ്രഗവണ്മെൻറിൽനിന്നും നൽകുന്നതിൻറെ ഇത്ര ശതമാനമാണ് ഈ ഗവണ്മെൻറ് ചെലവഴിക്കുന്നതെന്നു വല്ല വ്യവസ്ഥയുമുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെയല്ല, മുഴുവനും ചെലവഴിക്കാനാണ് ഖാദിബോർഡു മുമിക്കുന്നത് ; അതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീമതി ലീലാദാമോദരമേനോൻ : നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് വലിയ നിയന്ത്രണം ചെലുത്തുന്നില്ല എന്നു പറഞ്ഞു. ബോർഡു നിശ്ചയിച്ചിട്ടുള്ള നിയമന ലിസ്റ്റിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ ഗവണ്മെൻറ് നിയന്ത്രണം ചെലുത്തിയിട്ടുണ്ടോ ?

ശ്രീ കെ. പി ഗോപാലൻ : അങ്ങനെ നിയന്ത്രണം ചെലുത്തിയിട്ടില്ല.

ശ്രീ ടി. ഒ ബാവ : ബോർഡിൻറെ പ്രവർത്തനങ്ങളിൽ ഗവണ്മെൻറ് അന്യായമായി കൈകടത്തുന്നു എന്ന കാരണത്താൽ ഒരു മെമ്പർ ശ്രീ. കെ. കേളപ്പൻ രാജിവച്ചിട്ടില്ലേ ?

ശ്രീ. കെ. പി. ഗോപാലൻ : അദ്ദേഹത്തിൻറെ പ്രസ്താവനയിൽ അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ ഇ. ചന്ദ്രശേഖരൻ നായർ : ബോർഡിൽ ഗവണ്മെൻറ് പ്രതിനിധികളായി എത്രപേരുണ്ട് ?

ശ്രീ. കെ. പി. ഗോപാലൻ : ഡയറക്ടർ ഓഫ് ഗവണ്മെൻറ് ഇൻഡസ്ട്രീസ് ആൻഡ് കാമേഴ്സ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ്, ഖാദിബോർഡ് സെക്രട്ടറി, കോവാപ്പറേറ്റീവ് രജിസ്ട്രാർ എന്നിവരാണ്.

ശ്രീ ഇ. ചന്ദ്രശേഖരൻ നായർ : ആകെ എത്ര അംഗങ്ങളാണ് ?

ശ്രീ. കെ. പി. ഗോപാലൻ : ഏഴുപേർ

ശ്രീ. പി. ടി. ചാക്കോ : അടുത്ത കൊല്ലത്തേക്ക് ഏകദേശം 45 ലക്ഷം രൂപ കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഖാദിബോർഡിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുവേണ്ടി ആകെ എത്ര രൂപ ചെലവാകുമെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. പി. ടി. ചാക്കോ : സ്റ്റേറ്റ് ഖാദിബോർഡിൽ, ഈ തുക യിൽ വളരെയധികവും ശമ്പളം ഇനത്തിൽ ചെലവാക്കാൻ ഇടവരുത്തുന്ന വിധത്തിൽ ആവശ്യമില്ലാത്തവിധത്തിൽ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതായി പരാതിയുണ്ടോ?

ശ്രീ കെ. പി. ഗോപാലൻ : അങ്ങനെ പരാതിയില്ല. ആവശ്യമുള്ള ഉദ്യോഗങ്ങൾ മാത്രമേ സൃഷ്ടിക്കുന്നുള്ളൂ. ഖാദി കമ്മിഷന്റെ നിർദ്ദേശം അനുസരിച്ചാണ് പല ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുള്ളതു്.

ശ്രീ. പി. ടി. ചാക്കോ : തുടക്കത്തിൽ ഈ ബോർഡിൽ നിന്നമിച്ചിട്ടുള്ള ഉദ്യോഗങ്ങളിൽ എത്ര ശതമാനം ഇവിടെത്തന്നെ തിരുമാനം എടുത്തു് നിയമിച്ചിട്ടുണ്ടു്? ഖാദികമ്മിഷൻ പറഞ്ഞതനുസരിച്ചു് എത്ര നിയമിച്ചു?

ശ്രീ. കെ. പി. ഗോപാലൻ : തസ്തികവേണമെന്നു നിർദ്ദേശിക്കുന്നതു് ഖാദി കമ്മീഷനാണു്; ആ തസ്തികയിലേക്കു് നിയമനം നടത്തുന്നതു് ഖാദി ബോർഡാണു്; വിശദവിവരങ്ങൾ വേണമെങ്കിൽ പ്രത്യേകം ചോദിച്ചാൽ പറയാം.

ഖാദിയും ഗ്രാമവ്യവസായങ്ങളും.

* 1337. [18] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിക്കും ഗ്രാമവ്യവസായങ്ങൾക്കുമായി ഈ സാമ്പത്തികവർഷം എത്ര തുക നീക്കിവച്ചിട്ടുണ്ടു്;

(ബി) ഈ ഇനത്തിൽ കോട്ടയം ഡിസ്ട്രിക്ടിനു് അനുവദിച്ചിട്ടുള്ള തുക എത്രയാണു്;

(സി) കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിൽ ടി ഡിസ്ട്രിക്ടിനു് അനുവദിച്ച തുകയിൽ എത്രതുക ചെലവായി?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) 44,79,499 രൂപ നീക്കിവച്ചിട്ടുണ്ടു്.

(ബി) 4,90,803 രൂപ അനുവദിച്ചിട്ടുണ്ടു്.

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ, ഈ ഇനത്തിൽ കോട്ടയം ഡിസ്ട്രിക്ടിനു് 1,36,839 രൂപ ചെലവായിട്ടുണ്ടു്.

ശ്രീ. എം. സി. ഏബ്രഹാം : കോട്ടയം ഡിസ്ട്രിക്ടിൽ തുക വളരെ കുറഞ്ഞുപോകാൻ കാരണമെന്തു്?

ശ്രീ. കെ. പി. ഗോപാലൻ : അവിടെ ഖാദിബോർഡിന്റെ പ്രവർത്തനം മുമ്പോട്ടു് നീങ്ങിവരുന്നതേയുള്ളൂ. ഇപ്പോൾ മാത്രമേ സഹകരണസംഘങ്ങൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ.

ശ്രീ. എം. സി. ഏബ്രഹാം : അമ്പലപ്പുഴ ഡിസ്ട്രിക്ടിലെ ഖാദിബോർഡു് ചെയർമാൻതന്നെ, കോട്ടയം ഡിസ്ട്രിക്ടിലും ചെയർമാനായിരിക്കുന്നതുകൊണ്ടല്ലേ അവിടെ തുക കുറച്ചുചെലവാക്കാൻ കഴിഞ്ഞിട്ടുള്ളതു്?

ശ്രീ കെ. പി. ഗോപാലൻ : അങ്ങനെയല്ല; രണ്ടു ഡിസ്ട്രിക്ടിലെ ചെയർമാനായി ഒരാൾതന്നെ ഇരിക്കുന്ന മറ്റൊരിടത്തു് തുക കൂടുതൽ ചെലവു ചെയ്യാൻ സാധിച്ചിട്ടുണ്ടു്. അവിടെ ഇപ്പോൾ മാത്രമാണു് ഇതുസംബന്ധിച്ച പ്രവർത്തനം മുൻപോട്ടുവന്നിട്ടുള്ളതു്. അതിന്റെ അടിസ്ഥാനത്തിലാണു് തുക കുറഞ്ഞു പോയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly